(സി) അധ്യക്ഷതക്ക് സ്റ്റൈപ്പൻഡു കൊടുക്കുന്നതിനുള്ള നിയമം അനുസരിച്ചു കൊച്ചിയിലുള്ള ൻ സംസ്കൃതസ്കൂളുകളിലുംകൂടി ഒരു കൊല്ലത്തിൽ ഒരു വീതം വിദ്യാർത്ഥികൾക്കു മാത്രമേ സ്റ്റൈപ്പൻഡു കൊടുക്കുവാൻ നിവൃത്തിയുള്ളൂ. ടി സ്കൂളിൽ ഇക്കൊല്ലം വേലൻ സമുദായത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കു മാത്രമേ സ്റ്റൈപ്പൻഡു കൊടുക്കുവാൻ സാധിച്ചിട്ടുള്ളൂ.

## റോഡു മാറ്റം

*൨൪൩൪. (൧൧) സാഹിബ് ബഹദൂർ എം. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം ടൌണിലെ തെക്കേ റോഡ് (ടൌൺ ഹാളിനു മുൻവശത്തുനിന്നും ടൌൺ പോലീസ് സ്റ്റേഷനു മുൻവശത്തുകൂടിയുള്ളതു) തുറക്കണമെന്നു കാണിച്ച് കൊല്ലം നഗരസഭയിൽനിന്നും, പൊതുജനങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഒ്ക്കൊല്ലം നഗരസഭയിൽനിന്നും നിവേദനം ഉണ്ടായിട്ടുണ്ട്.

(ബി) ഈ ജോലിക്കു വേണ്ട എസ്റ്റിമേറു തയാറായിട്ടുണ്ടെങ്കിലും സൌത്തിൻഡ്യൻ റെയിൽവെ കമ്പനിക്കാർ വഹിക്കേണ്ട ഭാഗം ജോലിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ശരിപ്പെടുത്തുന്നകാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്.

## പള്ളിമൺ—ആയൂർ റോഡ്

*൨൪൩൫. (൪൫) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം താലൂക്കിൽ കണ്ണനല്ലൂർനിന്നും തുടങ്ങി നെടുമ്പന, പള്ളിമൺ, വിയണ്ണൂർ മുതലായ സ്ഥലങ്ങളിൽക്കൂടി പൂയപ്പള്ളിയിൽ ചെന്നുചേരുന്ന പള്ളിമൺ—ആയൂർ റോഡു ഗതാഗതയോഗ്യമല്ലാതായിക്കിടക്കുന്ന വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിൽ പള്ളിമൺ എന്ന സ്ഥലത്തു് ഒരു കലുങ്കു കെട്ടിക്കൊടുക്കണം എന്നു നാട്ടുകാർ അപേക്ഷിച്ചിട്ടുണ്ടോ;

(സി) ഈ റോഡും കലുങ്കും ഗതാഗതയോഗ്യമാക്കുന്നതിനു ഗവൺമെണ്ടു ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) കലുങ്കിനു പ്രത്യേകമായി അപേക്ഷിച്ചിട്ടില്ല. പക്ഷെ കലുങ്കുംകൂടി ഉൾപ്പെട്ടുത്തിയുള്ള റോഡുവേലകൾക്കു് അപേക്ഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധിക്കാം.

## KOTTAR-EATHAMOZHI BUS SERVICE

**2466.** [168]* **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) whether the Government have received a petition on 21st October 1949 from one Mr. M. S. Ponniah Nadar, Murungavilai, Rajakkamangalam A.O. and others of the locality for extension of Kottar-Eathamozhi bus service up to Panti Vaikal bridge on the Dharmapuram-Rajakkamangalam road;

(*b*) if so, the action taken on the same, and

(*c*) if the answer to part (*b*) is in the negative, the reasons therefor?

**The Hon'ble Sri. E. John Philipose:**

(*a*) Yes.

(*b* and *c*) The petitition is kept pending by the Inspector General of Police in view of the general prohibitory order of the Government on the issue of fresh permits to buses.

## കോളേജു് സ്ഥാപനം

*൨൪൩൭. (൨൦൦) ശ്രീ. യു. കെ. വാസുദേവനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പന്തളത്തും, കോഴഞ്ചേരിയിലും, പത്തനംതിട്ടയിലും ഓരോ കോളേജുകൾ സ്ഥാപിക്കുന്നതിനു വല്ല അപേക്ഷകളും ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമാണു് ഗവണ്മെണ്ടു ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതു";

(സി) ഐക്യസംസ്ഥാനത്തിലെ ഇന്നത്തെ പരിതഃസ്ഥിതികളെ പരിഗണിച്ചാൽ നിലവിലുള്ളമാതിരി കാളേജുകളേക്കാൾ കൂടുതൽ ആവശ്യവും, പ്രയോജനവും, കാംക്ഷികവും, വ്യാവസായികവുമായ വീക്ഷയങ്ങളിൽ പ്രായോഗികപരിശീലനം കൊടുക്കുന്ന കോളേജുകളാണെന്നു ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കോളേജുകൾ തുറക്കുന്നതിനു് അപേക്ഷകൾക്കു വേണ്ട നിർദ്ദേശം കൊടുക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) പന്തളത്തു് ഒരു കോളേജു സ്ഥാപിക്കുന്നതിനു മാത്രം അപേക്ഷ ലഭിക്കുകയുണ്ടായി.

(ബി) അപേക്ഷ താൽക്കാലികമായി അനുവദിച്ചു.

(സി) & (ഡി) ഗവണ്മെണ്ടു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

## ഈഴത്തൻകാട്ടു് ഹരിജൻ സെൻറർ

*൨൪൩൮. (൨൩൬൭) ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കടിയപട്ടണം പകുതിയിൽ ഈഴത്തൻകാട്ടു് എന്ന സ്ഥലത്തു് ഹരിജൻ സെൻറർ ഉണ്ടോ;

(ബി) അവിടെയുള്ള കെട്ടിടം ഹരിജനങ്ങൾക്കായി പണിതിട്ടുള്ളതാണോ;

(സി) കെട്ടിടത്തിൻെറ താക്കോൽ ഏല്പിച്ചിട്ടുള്ളതു് ആരു", ആരുടെ പക്കൽ;

(ഡി) ആ കെട്ടിടം ഭജനമഠമാണോ, സ്കൂളാണോ, വായനശാലയാണോ;

(ഇ) അവിടെയുള്ള കിണറിൽനിന്നും ഹരിജനങ്ങൾക്കു വെള്ളം കോരിക്കൊടുക്കുവാൻ ആളിനെ നിയമിച്ചിട്ടുണ്ടെങ്കിൽ അയാളുടെ ശമ്പളമെന്തു";

(എഫ്) സ്കൂളാണെങ്കിൽ ഹരിജൻ വിദ്യാർത്ഥികൾ എത്ര;

(ജി) വായനശാലയാണെങ്കിൽ, വരുന്ന പത്രങ്ങൾ അഞ്ചൽശിപായി കൊടുക്കുന്നതാണോ";

(എച്ച്) ആ കെട്ടിടത്തിനു സ്ഥലം സംഭാവനചെയ്തതു് ആരാണു"; അദ്ദേഹവും ഫീൽഡാഫീസറും ബന്ധുക്കളാണോ;

(ഐ) ഈ വൃശ്ചികമാസത്തിൽ ഭജനം നടന്നുവരുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഉണ്ടു".

(ബി) അതെ.

(സി) ഫീൽഡാഫീസർ ശ്രീ. പി. കുമാരപിള്ള അവിടത്തെ നൈറ്റസ്കൂൾ അദ്ധ്യാപകൻ ശ്രീ. ജി. ശിവരാമകൃഷ്ണനെ ഏല്പിച്ചിട്ടുണ്ടു".

(ഡി) പൊതുമന്ദിരമാണു". സ്കൂളായിട്ടും, വായനശാലയായിട്ടും ഉപയോഗിക്കുന്നു.

(ഇ) ആളിനെ നിയമിച്ചിട്ടില്ല.

(എഫ്) പതിനെട്ടു് (൧൮).

(ജി) ലൈബ്രേറിയനു".

(എച്ച്) ശ്രീ. എ. ഈശ്വരപിള്ള, എം. എൽ. എ. ബന്ധുക്കളാണു

(ഐ) ഹരിജനങ്ങളുടെ ഇടയിൽ ഭജന നടക്കുന്നുണ്ടു".

## പരവൂർ പൊഴിയിൽ ഒരു ചീപ്പു്

*൨൪൩൯. (൨൪൫) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം താലൂക്കിൽ പരവൂർ പൊഴിയിൽ ഒരു ചീപ്പുകെട്ടി കൃഷിയെ രക്ഷിക്കുന്നതിലേക്കായി ഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും പദ്ധതി തയാറാക്കീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള നടപടികൾ ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly